# ഭീമസേനൻ

## കുലപതി കെ. എം. മുൻഷി



പാണ്ഡവരുടെ ദുരിതപൂർണ്ണമായ ജീവിതനാളുകളിൽ ശ്രീകൃഷ്ണൻ ഉപദേഷ്ടാവായും വഴികാട്ടിയായും അവരോടൊപ്പം എങ്ങനെയാണു നിന്നതെന്ന് ഈ കൃതിയിൽ കെ. എം. മുൻഷി ആഖ്യാനം ചെയ്തിരിക്കുന്നു. കൃഷ്ണന്റെ സാന്നിദ്ധ്യത്തിൽ പാണ്ഡവരിൽ ഒരുവനായ ഭീമസേനന്റെ ശക്തിദൗർബല്യങ്ങളും മോഹങ്ങളും പൊങ്ങച്ചങ്ങളും വിഡ്ഢിത്തങ്ങളും എല്ലാം അനാവരണം ചെയ്യപ്പെടുന്നുണ്ട് ഈ നോവലിൽ.

വിവർത്തനം: **ശത്രുഘ്നൻ**

കവർ ഡിസൈൻ: ഡി സി ഡിസൈൻ സ്റ്റുഡിയോ

ഡി സി ബുക്സ്

www.dcbooks.com

നോവൽ

ISBN 81-264-0906-1 00007

9 788126 409068

E-book available

₹ 230

കുലപതി കെ. എം. മുൻഷി • ഭീമസേനൻ

ഡി സി ബുക്സ്

# ഭീമസേനൻ

## കുലപതി കെ. എം. മുൻഷി

7-ാം പതിപ്പ്



DCB

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

**COLLEGE OF AVIAN SCIENCES & MANAGEMENT**
**KVASU CAMPUS, THIRUVAZHAMKUNNU**

Acc. No. 1708 Call No.

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

## കുലപതി കെ. എം. മുൻഷി
(1887–1971)

ആധുനിക ഗുജറാത്തി സാഹിത്യത്തിലെ പ്രമുഖനായ സാഹിത്യ കാരൻ. അഭിഭാഷകനും രാഷ്ട്രതന്ത്രജ്ഞനും ഇന്ത്യൻ ഭരണ ഘടനയുടെ ശില്പികളിലൊരാളും. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ മുഖ്യപോരാളികളിലൊരാൾ. മഹാരാഷ്ട്ര മന്ത്രിസഭയിൽ ആഭ്യന്തര മന്ത്രി, കേന്ദ്ര ഭക്ഷ്യമന്ത്രി, ഉത്തർപ്രദേശ് ഗവർണർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു. 1938-ൽ ഭാരതീയ വിദ്യാഭവൻ സ്ഥാപിച്ചു. നോവൽ, നാടകം, സ്മരണ, ചരിത്രം എന്നീ വിഭാഗങ്ങളിൽ ഗുജ റാത്തിയിലും ഇംഗ്ലിഷിലും അനേകം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

## ശത്രുഘ്നൻ

1947-ൽ ജനിച്ചു. ബി.കോം. ബിരുദം. ഫാക്ടിൽ ഉദ്യോഗസ്ഥനാ യിരുന്നു. പിന്നീട് പന്ത്രണ്ടു കൊല്ലം ഗൾഫിൽ. 1989 മുതൽ മാതൃ ഭൂമി ആനുകാലികപ്രസിദ്ധീകരണങ്ങളുടെ സഹപത്രാധിപരായി രുന്നു. പതിനഞ്ചു കൃതികൾ. കെ.കെ. രാഹുലൻ അവാർഡ്, വി.ടി. സ്മാരക പുരസ്കാരം, കേരള സാഹിത്യ അക്കാദമി പുരസ്കാരം, വിവർത്തനത്തിനുള്ള കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് (*മഥു രാപുരി*) എന്നിവ ലഭിച്ചിട്ടുണ്ട്.

കുലപതി കെ. എം. മുൻഷിയുടെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

*നോവൽ*

മായാമുരളി
ഭീമസേനൻ
സത്യഭാമ
മഥുരാപുരി

കുലപതി കെ. എം. മുൻഷി

# ഭീമസേനൻ

വിവർത്തനം
ശത്രുഘ്നൻ

ഡി സി ബുക്സ്

MALAYALAM LANGUAGE
ORIGINAL ENGLISH TITLE
Bhima
(Krishnāvathāra Book IV)
LITERATURE / NOVEL
*by* Kulapati Dr. K.M. Munshi

MALAYALAM TITLE
Bheemasenan
*Translated by* Sathrughnan
© Bharatiya Vidya Bhavan
Kulapati Munshi Marg
Mumbai 400 007
First Published October 2004
This edition - May 2019

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
D C Books-Current Books
INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Munshi, K.M.
Bheemasenan/K.M. Munshi.
Malayalam translation/Sathrughnan.
232 p., 21 cm.
ISBN 81-264-0906-1
Malayalam translation of 'Bhima: Krishnavathara book IV.'
1. Marathi novel 2. Malayalam translation. I. Title. II. Title - English. III. Sathrughnan.
891.473-dc 22.

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 81-264-0906-1

Printed in India
at D C Press, Kottayam, INDIA.

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

54/19-20-Sl.No. 18927-dcb 2914(7)2000-5429-04-19 Spb 18.6-p sc-r pm-d sm

# ഭീമസേനൻ

# കഥാമുഖം

പാഞ്ചാലത്തിന്റെ വടക്കൻപ്രദേശം മുഴുവൻ പാണ്ഡവരുടെ സഹായത്തോടെ പിടിച്ചെടുത്ത തന്റെ പഴയ സുഹൃത്തും സഹപാഠിയുമായ ദ്രോണാചാര്യനെ നശിപ്പിക്കുമെന്നൊരു പ്രതിജ്ഞ പാഞ്ചാല രാജാവായ യജ്ഞസേന ദ്രുപദൻ എടുത്തിട്ടുണ്ടായിരുന്നു. അത് നിറവേറ്റുന്നതിനും തന്റെ വിജയം ഉറപ്പാക്കുന്നതിനും അദ്ദേഹത്തിനു കരുത്തനായ ഒരു സഹായി ആവശ്യമായിരുന്നു. അതുകൊണ്ടുതന്നെയാണ് തന്റെ പുത്രി ദ്രൗപദിയെ ആര്യാവർത്തത്തിലെ ഏറ്റവും പ്രശസ്ത യോദ്ധാവായ വാസുദേവ കൃഷ്ണനെക്കൊണ്ട് വിവാഹം കഴിപ്പിക്കണമെന്ന് പാഞ്ചാല രാജാവ് ആഗ്രഹിച്ചത്. കൃഷ്ണൻ പക്ഷേ, ആ അപേക്ഷ നിരസിക്കുകയാണുണ്ടായത്. എന്നിരുന്നാലും കാംപില്യം സന്ദർശിക്കാമെന്ന് അദ്ദേഹം ദ്രുപദന് വാക്കുകൊടുത്തു.

ഹസ്തിനാപുരത്തിലെ യുവരാജാവും തന്റെ പിതൃസഹോദരിയുടെ പുത്രനുമായ യുധിഷ്ഠിരന്റെ ക്ഷണം സ്വീകരിച്ച് വടക്കൻപ്രദേശങ്ങളിലേക്ക് പുറപ്പെട്ടതായിരുന്നു കൃഷ്ണൻ. വഴിയിൽവച്ചാണ് അദ്ദേഹം അറിഞ്ഞത് പഞ്ചപാണ്ഡവന്മാരെ ധൃതരാഷ്ട്രപുത്രനായ ദുര്യോധനൻ ഹസ്തിനാപുരത്തിൽനിന്ന് വാരണാവതത്തിലേക്ക് തുരത്തിയിരിക്കുന്നു എന്ന്.

ഹസ്തിനാപുരത്തിൽ എത്തിയപ്പോഴാകട്ടെ ദുഃഖകരമായ ആ വാർത്ത കൃഷ്ണൻ കേൾക്കുകയും ചെയ്തു. വാരണാവതത്തിലെ അരക്കില്ലത്തിൽ കഴിയുകയായിരുന്ന അഞ്ചു സഹോദരന്മാരും അവരുടെ മാതാവ് കുന്തിയും വെന്തുമരിച്ചു എന്ന്.

ഹസ്തിനാപുരത്തിൽ അധികനാൾ തങ്ങാതെ കൃഷ്ണൻ പിന്നെ കാംപില്യത്തിലേക്ക് യാത്രയായി. ദ്രൗപദിയുടെ ഭർത്തൃപദവി നിരസിച്ചുവെങ്കിലും അവൾക്ക് അനുയോജ്യനായ ഒരു യോദ്ധാവിനെ ഭർത്താവായി കണ്ടെത്താൻ സഹായിക്കാമെന്ന് കൃഷ്ണൻ പറഞ്ഞിരുന്നുവല്ലോ.

പഞ്ചപാണ്ഡവന്മാരുടെ വിചിത്രവും ദുരൂഹവുമായ മരണത്തെക്കുറിച്ച് അന്വേഷിക്കാൻ കൃഷ്ണൻ ഉദ്ധവനെയാണ് അയച്ചത്. യാത്രാമദ്ധ്യേ തന്റെ തായ്‌വഴിയിലുള്ള മുത്തച്ഛനും നാഗരാജാവുമായ ആര്യകൻ ഭരിക്കുന്ന നാഗകൂടത്തിലെത്തി അദ്ദേഹം. അവിടെവച്ചാണ് ഉദ്ധവൻ അറിഞ്ഞത് പഞ്ചപാണ്ഡവന്മാർ മരിച്ചിട്ടില്ലെന്നും രാക്ഷസ

ന്മാരുടെ രാജ്യമായ രാക്ഷസാവർത്തം എന്ന കൊടുംകാട്ടിൽ കഴിയുകയാണ് എന്നും.

അന്വേഷണത്തിന്നിടെ മറ്റൊരു കാര്യവുംകൂടി ഉദ്ധവൻ മനസ്സിലാക്കി. അഞ്ചു സഹോദരന്മാരിൽ രണ്ടാമനായ ഭീമസേനൻ രാക്ഷസാവർത്തത്തിന്റെ രാജാവായ ഹിഡിംബനെ തന്റെ ശരീരബലംകൊണ്ട് വധിച്ചുവെന്നും അയാളുടെ സഹോദരി ഹിഡിംബയെ വിവാഹം ചെയ്ത് വൃകോദരരാജാവെന്ന പേരിൽ ഇപ്പോൾ ആ രാജ്യം ഭരിക്കുകയാണെന്നും.

ഗുരു വേദവ്യാസനോ വാസുദേവ കൃഷ്ണനോ പറയാതെ രാക്ഷസാവർത്തത്തിൽനിന്ന് പുറത്തുകടക്കാൻ തയ്യാറായില്ല പാണ്ഡവന്മാർ.

ഈ വിവരം ഹസ്തിനാപുരത്തിലെ മുഖ്യസചിവനും പണ്ഡിതനുമായ വിദുരനെ അറിയിച്ചു ഉദ്ധവൻ. വിദുരനാകട്ടെ അതങ്ങനെതന്നെ ധൃതരാഷ്ട്രന്റെയും പാണ്ഡുവിന്റെയും മുത്തശ്ശിയായ പൂജ്യമാതാവ് സത്യവതിയെ ഉണർത്തിച്ചു. ആര്യാവർത്തത്തിലെ സംപൂജ്യനായ ഗുരുവും തന്റെ പുത്രനുമായ വേദവ്യാസനെ ഹസ്തിനാപുരത്തിലേക്ക് വിളിച്ചുവരുത്തി സത്യവതി. രാക്ഷസാവർത്തത്തിൽനിന്ന് പുറത്തുകടന്ന് കാംപില്യത്തിലേക്കു പോകാനും അവിടെ പാഞ്ചാലിയുടെ സ്വയംവരച്ചടങ്ങിൽ പങ്കെടുക്കാനും പാണ്ഡവന്മാരെ പ്രേരിപ്പിക്കാൻ സത്യവതി ആവശ്യപ്പെട്ടു.

കുരുരാജകുമാരന്മാർക്കും സ്വയംവരത്തിൽ പങ്കെടുക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നു. ഗുരു ദ്രോണാചാര്യന്റെ ഉപദേശത്തെ ഒട്ടും വകവെക്കാതെപോലും ദ്രൗപദിയെ സ്വന്തമാക്കാനുള്ള മോഹം ദുര്യോധനൻ മനസ്സിൽ സൂക്ഷിച്ചു.

പൗത്രൻ മേഘസന്ധിക്കുവേണ്ടി ദ്രൗപദിയെ നേടാൻ മാഗധ ചക്രവർത്തിയായ ജരാസന്ധനും എത്തി, കാംപില്യത്തിൽ. ദ്രുപദരാജാവ് അഥവാ തന്റെ ആജ്ഞയ്ക്ക് വഴങ്ങിയില്ലെങ്കിൽ സ്വയംവരത്തിനുമുമ്പ് ദ്രൗപദിയെ അപഹരിച്ചുകൊണ്ടുപോകാനും തയ്യാറായിട്ടാണ് ജരാസന്ധ ചക്രവർത്തിയുടെ വരവ്.

ഇതിനിടെ ബ്രാഹ്മണന്മാരുടെ വേഷത്തിൽ കാംപില്യത്തിലെത്തിയ അഞ്ചു സഹോദരന്മാരും ഒരു കുംഭകാരന്റെ വീട്ടിൽ താമസമാക്കിയിട്ടുണ്ടായിരുന്നു.

ജരാസന്ധ ചക്രവർത്തി അപഹരിച്ചുകൊണ്ടു പോയേക്കുമോ എന്നും വില്ലാളികളിൽ ഒട്ടും പിന്നിലല്ലാത്ത ദുര്യോധനൻ മത്സരം ജയിച്ച് ദ്രൗപദിയെ നേടിയേക്കുമോ എന്നും ഉള്ള ആധിയിലായിരുന്നു ദ്രുപദനും മകനും, ദ്രൗപദിതന്നെയും. ഇതൊക്കെ അറിഞ്ഞിട്ടുതന്നെയാണ് കൃഷ്ണൻ അതിഥിമന്ദിരത്തിൽ ജരാസന്ധനെ ചെന്നു കണ്ടതും കാംപില്യം വിട്ടുപോകാൻ ആവശ്യപ്പെട്ടതും. കൃഷ്ണൻ അവിടെച്ചെന്ന് സ്വകാര്യമായി എന്തു പറഞ്ഞുവെന്ന് ആർക്കും അറിയില്ല. പക്ഷേ, ജരാസന്ധൻ പിറ്റേന്ന് മഗധയിലേക്ക് തിരിച്ചുപോയി.





സ്വയംവരപ്പന്തലിൽ ദുര്യോധനനടക്കം രാജാക്കന്മാരും യുവരാജാക്കന്മാരും ഓരോരുത്തരായി പരാജയപ്പെട്ടു. ബ്രാഹ്മണവേഷത്തിൽ വന്ന അർജ്ജുനനാകട്ടെ മുകളിൽ അതിദ്രുതം കറങ്ങിക്കൊണ്ടിരുന്ന മത്സ്യയന്ത്രത്തെ ഭേദിച്ച് കന്യകയെ വേൾക്കുകയും ചെയ്തു.

ഏതോ മത്സരത്തിൽ ജയിച്ച് സമ്മാനവുമായാണ് മക്കൾ വന്നിരിക്കുന്നത് എന്നു ധരിച്ച കുന്തി അഞ്ചുപേരുംകൂടി സമ്മാനം സമമായി പങ്കിട്ടോളൂ എന്നു പറഞ്ഞും പോയി. അർജ്ജുനൻ നേടിയത് ഒരു പത്നിയെയാണെന്ന് അറിഞ്ഞപ്പോഴാകട്ടെ കുടുംബത്തിൽ അതൊരു പ്രതിസന്ധിയായി. ഒരേസമയം ദ്രൗപദി അഞ്ചുപേരുടെ ഭാര്യയാകുക എന്നത് ആർക്കും സ്വീകാര്യമായിരുന്നില്ല. ഗുരു കൃഷ്ണദ്വൈപായന വ്യാസൻ വന്ന് എല്ലാ ശാസ്ത്രങ്ങളും ചികഞ്ഞുനോക്കിയിട്ടും ഈ പ്രശ്നത്തിനു പരിഹാരം കണ്ടെത്താനായില്ല. അദ്ദേഹം ഒടുവിൽ തീരുമാനം ദ്രൗപദിക്കുതന്നെ വിട്ടുകൊടുത്തു. കുന്തിയുടെ വാക്ക് പാഴ്വാക്കായിപ്പോകാതിരിക്കാൻവേണ്ടി ദ്രൗപദിയാകട്ടെ അഞ്ചുപേരെയും ഭർത്താവായി സ്വീകരിക്കാൻ സമ്മതിക്കുകയാണുണ്ടായത്.

പാണ്ഡവന്മാർ വെന്തു മരിച്ചിട്ടില്ലെന്നും അവർ കാംപില്യത്തിലെ സ്വയംവരച്ചടങ്ങിൽ പങ്കെടുത്ത് ദ്രൗപദിയെ നേടിയെന്നും ഉള്ള വർത്തമാനം ഹസ്തിനാപുരത്തിലാകെ സംസാരവിഷയമായി. ഭീഷ്മപിതാമഹനും ധൃതരാഷ്ട്രരാജാവും വിദുരനെ കാംപില്യത്തിലേക്കയച്ചു; പാണ്ഡവന്മാരെയും ബലരാമകൃഷ്ണന്മാരെയും ഹസ്തിനാപുരത്തിലേക്കു ക്ഷണിക്കാൻ.